**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4072** **15-07-2022 - ൽ മറുപടിയ്ക്ക്**

**കില വികസന പരിശീലന കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് താല്പര്യപത്രം ക്ഷണിച്ചിട്ടില്ല.<br><br>എന്നാൽ ജില്ലകളിൽ കിലയുടെ പരിശീലനം സംഘടിപ്പിക്കുന്നതിന് പരിശീലനകേന്ദ്രവും അനുബന്ധ സൗകര്യങ്ങളും ഉള്ളതുമായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനായി കില താൽപര്യപത്രം ക്ഷണിച്ചിട്ടുണ്ട്.<br><br>തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ,ഉദ്യോഗസ്ഥർ, മറ്റ് സന്നദ്ധപ്രവർത്തകർ എന്നിവരുടെ കാര്യശേഷി വികസനവും, വിവിധ സർക്കാർ പരിപാടികളുമായി ബന്ധപ്പെട്ട പരിശീലനപ്രവർത്തനങ്ങൾ എന്നിങ്ങനെ ഒട്ടനവധി പരിശീലന പരിപാടികൾ കില ജില്ലാ അടിസ്ഥാനത്തിൽ നിർവഹിച്ച് വരുന്നുണ്ട്. അവയുടെ സുഗമമായ നടത്തിപ്പിനായി മുൻകാലങ്ങളിൽ ഡിസ്ട്രിക് ഇംപ്ലിമെന്റിംഗ് ഇൻസ്റ്റിറ്റ്യൂഷൻ എന്ന പേരിൽ ജില്ലാതലത്തിൽ വിവിധ സ്ഥാപനങ്ങളുമായി പരിശീലനത്തിനാവശ്യമായ ഭൗതികസൗകര്യങ്ങൾ ഒരുക്കുന്നതിനായി കരാറിൽ ഏർപ്പെടുകയും അവ വഴി പരിശീലന നിർവഹണം നടത്തുകയും ചെയ്തിരുന്നു. കൂടുതൽ പരിശീലനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി അനുയോജ്യമായ കൂടുതൽ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനായി കില 02/06/2022 തിയ്യതിയിലെ 2022/3152/HQ നമ്പർ നോട്ടീസ് പ്രകാരം താൽപര്യപത്രം ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഈ കേന്ദ്രങ്ങളുടെ നടത്തിപ്പ് ഏത് | (ബി) | പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | വിധത്തിലാണെന്ന് വ്യക്തമാക്കാമോ; | | |
| (സി) | എറണാകുളം ജില്ലയിൽ വികസന പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പരിശീലന കേന്ദ്രം പെരുമ്പാവൂർ മണ്ഡലത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ഉണ്ട്. എറണാകുളം ജില്ലയിലെ കോതമംഗലത്ത് വികസന പരശീലന കേന്ദ്രം സ്ഥാപിക്കുന്ന പദ്ധതിയ്ക്കായി നിവേദനം ലഭിച്ചിരുന്നു. എന്നാൽ 2020-21, 2021-22 ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രൊപ്പോസൽ നിരസിച്ചിട്ടുണ്ട്. പരിശീലന കേന്ദ്രം പെരുമ്പാവൂർ മണ്ഡലത്തിൽ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ